# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/118/2018 2018 ജൂൺ 04

## പത്രക്കുറിപ്പ്

**പ്രാക്ടിക്കൽ**

നാലാം സെമസ്റ്റർ ബി.എസ്.സി. മൈക്രോബയോളജി (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഏപ്രിൽ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 7 മുതൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ ബി.എസ്.സി. റിക്രിയേഷൻ, ലെഷർ ആന്റ് സ്പോർട്സ് സ്റ്റഡീസ് (2016 അഡ്മിഷൻ) ഏപ്രിൽ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 11, 12 തീയതികളിൽ പാലാ സെന്റ് തോമസ് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2018 ഏപ്രിൽ മാസം നടത്തിയ നാലാം സെമസ്റ്റർ സൈബർ ഫോറൻസിക് (സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 11 മുതൽ അതാത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**ബി.സി.എ. സൂക്ഷ്മപരിശോധന**

ആറാം സെമസ്റ്റർ ബി.സി.എ. മാർച്ച് 2018 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷിച്ച വിദ്യാർത്ഥികൾ (പുനർമൂല്യനിർണ്ണയത്തിനു മാത്രം അപേക്ഷിച്ച വിദ്യാർത്ഥികൾ വരേണ്ടതില്ല) ജൂൺ 6, 7 തീയതികളിൽ സർവ്വകലാശാലയിൽ സിൽവർ ജൂബിലി പരീക്ഷാഭവനിലെ ഇ.ജെ. പതിനൊന്ന് വിഭാഗത്തിൽ തിരിച്ചറിയൽ രേഖകൾ സഹിതം എത്തിച്ചേരണം.

**പരീക്ഷാഫലം**

2018 ഫെബ്രുവരി മാസത്തിൽ നടത്തിയ ഒന്നും രണ്ടും മൂന്നും മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെന്റേഷൻ (മേഴ്സി ചാൻസ് - പഴയ സ്കീം, 2009ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 16 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**